കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം ഷൊർണ്ണൂർ നഗരസഭയിൽ എച്ച്.ഐ ഗ്രേഡ് -2 ആയിരിക്കെ 15.05.2012-ൽ മരണമടഞ്ഞ എം.ബാബുവിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.2735/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 09/09/2015.

പരാമർശം : നഗരകാര്യഡയറക്ടറുടെ 31/03/2015 തീയതിയിലെ ഡി.സി.1/18007/12 നമ്പർ കത്ത്.

**ഉത്തരവ്**

ഷൊർണ്ണൂർ നഗരസഭയിൽ എച്ച്.ഐ ഗ്രേഡ് -2 ആയിരിക്കെ 15.05.2012-ൽ മരണമടഞ്ഞ എം.ബാബു തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുകയും 2012 ഏപ്രിൽ 25-ാം തീയതി രോഗം മൂർച്ഛിച്ചതിനാൽ ടിയാനെ എറണാകുളം ലേക്ഷോർ ആശുപത്രിയിൽ ചികിത്സ നടത്തിയ തുക റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുവദിക്കുന്നതിന് പരാമർശം പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഷൊർണ്ണൂർ നഗരസഭയിൽ എച്ച്.ഐ ഗ്രേഡ് -2. ആയിരിക്കെ 15.05.2012-ൽ മരണമടഞ്ഞ എം.ബാബുവിന്റെ ക്യാൻസർ സംബന്ധമായ അസുഖത്തിന് എറണാകുളം ലേക്ക്ഷോറിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ ആരോഗ്യ വകുപ്പ് ഡയറക്ടർ വെരിഫൈ ചെയ്ത 69360/- രൂപയുടെ 80% ആയ 55488/-രൂപ പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും ടി തുക ഷൊർണ്ണൂർ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു നൽകുന്നതിന് കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സോണിയ വാഷിംഗ് ടൺ.
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ.
മരണമടഞ്ഞ എം.ബാബുവിന്റെ ആശ്രിതർക്ക്
(സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭാമുഖേന )
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.